**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1691

31.01.18 - ൽ മറുപടിക്ക്.

**കുടുംബശ്രീയുടെ പ്രവർത്തനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അടൂർ പ്രകാശ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർത്തനം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും അതിലൂടെ സ്ത്രീ ശാക്തീകരണം കൈവരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) **'ഇയർ ഓഫ് എൻ.എച്ച്.ജി.' ക്യാമ്പെയിൻ** : 2018 ൽ 20-ാം വാർഷികം ആഘോഷിക്കുന്ന കുടുംബശ്രീ **'ഇയർ ഓഫ് എൻ.എച്ച്.ജി.'** എന്ന പേരിൽ അയൽക്കൂട്ടതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു സംസ്ഥാനതല ക്യാമ്പെയിൻ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു കുടുംബശ്രീയിൽ ഇനിയും അംഗമാകാത്ത മുഴുവൻ പാവപ്പെട്ടവരെയും അയൽക്കൂട്ടങ്ങളിൽ അംഗമാക്കുക, എ.ഡി.എസ്. തലത്തിൽ അയൽക്കൂട്ടങ്ങളുടെ ലഘുസമ്പാദ്യ വായ്പ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുക, കുടുംബശ്രീ മൊബൈൽ ആപ്ലിക്കേഷൻ എല്ലാ അയൽക്കൂട്ടങ്ങളിലും എത്തിക്കുക, മുഴുവൻ അയൽക്കൂട്ടങ്ങളെയും കുടുംബശ്രീ മാസികയുടെ വരിക്കാരാക്കുക, എ.ഡി.എസ്സിനെ ഒരു റിസോഴ്സ് സെന്ററാക്കി മാറ്റുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും തയ്യാറാക്കുക, കുടുംബശ്രീയുടെ എം.ഐ.എസ്സ്. ശക്തിപ്പെടുത്തി ഡാറ്റയുടെ കൃത്യത ഉറപ്പുവരുത്തുക, അയൽക്കൂട്ടങ്ങളിലെ രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുക, അയൽക്കൂട്ട /സി.ഡി.എസുകളുടെ ഗ്രേഡേഷനും വിലയിരുത്തലും, അയൽക്കൂട്ടതല മൈക്രോ ലെവൽ പ്ലാൻ/സി.ഡി.എസ്. ആക്ഷൻ പ്ലാൻ തയ്യാറാക്കൽ ഇടങ്ങിയവയാണ് ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പെയിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ |
| (ബി) കാറ്ററിംഗ് മേഖലയിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) എസ്.സി വകുപ്പുമായി സംയോജിച്ച് വിവിധ ജില്ലകളിലായി എസ്.സി വനിതകൾ കഫേ യൂണിറ്റുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കാറ്ററിംഗ് യൂണിറ്റുകളെ വിവിധ മേളകളിലും മറ്റും പങ്കെടുപ്പിക്കുന്നതിനുള്ള അവസരമൊരുക്കി വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനുള്ള പരിശീലനം ലഭ്യമാക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. |
| (സി) കാറ്ററിംഗ് മേഖലയിൽ പണിയെടുക്കുന്ന കുടുംബശ്രീ പ്രവർത്തകർക്ക് ടൂറിസം വകുപ്പിന്റെ ഹോട്ടലുകളിലും ഗസ്റ്റ് ഹൗസുകളിലും പരിശീലനം നൽകുന്നതിനും അതിലൂടെ പ്രസ്തുത മേഖലയിൽ നൈപുണ്യം നേടുന്നതിനും അവസരം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (സി) നിലവിൽ കാറ്ററിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് കഫേ മാനേജ്മെന്റ് രംഗത്തെ എംപാനൽ ചെയ്യപ്പെട്ട ഏജൻസികൾ വഴിയാണ് പരിശീലനം നൽകുന്നത്. ടൂറിസം വകുപ്പിന്റെ ഹോട്ടലുകളിലും ഗസ്റ്റ് ഹൗസുകളിലും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ